**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5766** **25-03-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി മേഖലയിലെ പരിഷ്കരണത്തിൽ അധിക വായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ഡോ. മാത്യു കുഴൽനാടൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | വൈദ്യുതി മേഖലയിലെ പരിഷ്കരണത്തിന്റെ പേരിൽ ജി.എസ്.ഡി.പി-യുടെ 0.5% കൂടി വായ്പയെടുക്കാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | വൈദ്യുതി മേഖലയിലെ പരിഷ്കരണത്തിന് വിധേയമായി ജി.എസ്.ഡി.പി-യുടെ 0.5% കൂടി വായ്പയെടുക്കാൻ അനുമതി ലഭിക്കുന്നതിനായി കേന്ദ്ര സർക്കാർ ആവശ്യപ്പെട്ട വിവരങ്ങൾ സംസ്ഥാന ഊർജ വകുപ്പ് കേന്ദ്ര ഊർജ മന്ത്രാലയത്തിന്റെ പോർട്ടലിൽ അപ്ലോഡ് ചെയ്തിരുന്നു. ഇതനുസരിച്ച് 19.03.2025 ലെ F.No.06/01/2025-DS കത്ത് പ്രകാരം കേന്ദ്ര ഊർജ മന്ത്രാലയം കേന്ദ്ര ധനകാര്യ മന്ത്രാലയത്തോട് സംസ്ഥാനത്തിന് വായ്പ അനുവദിക്കുന്നതിന് ശുപാർശ ചെയ്തിരുന്നു. കേന്ദ്ര ധനകാര്യ മന്ത്രാലയത്തിൽ നിന്നും കടമെടുക്കുന്നതിന് താമസംവിനാ അനുമതി ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ഇതിനായി കെ.എസ്.ഇ.ബി.-യുടെ കഴിഞ്ഞ വർഷത്തെ നഷ്ടത്തിന്റെ തൊണ്ണൂറ് ശതമാനം തുക സംസ്ഥാന സർക്കാർ ഏറ്റെടുത്തിരുന്നോ; വിശദമാക്കാമോ; | (ബി) | വൈദ്യുതി മേഖലയിലെ പരിഷ്കരണത്തിന് വിധേയമായി ജി.എസ്.ഡി.പി-യുടെ 0.5% കൂടി വായ്പയെടുക്കാൻ അനുമതി ലഭിക്കുന്നതിനായി 2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ പൊതുമേഖല ഊർജ്ജ വിതരണ കമ്പനികൾക്ക് (Power DISCOMS) ഉണ്ടാകുന്ന നഷ്ടത്തിന്റെ 90% സംസ്ഥാന സർക്കാർ ഏറ്റെടുക്കേണ്ടതുണ്ട്. ഇതനുസരിച്ച്, 2023-24 സാമ്പത്തിക വർഷത്തിൽ കെഎസ്ഇബിഎല്ലിന് ഉണ്ടായ നഷ്ടത്തിന്റെ 90%, അതായത് 494.29 കോടി രൂപ, 01.12.2024 ലെ G.O (Rt) നമ്പർ 8892/2024/ഫിൻ പ്രകാരം സംസ്ഥാന സർക്കാർ ഏറ്റെടുക്കുകയും 26.12.2024 ലെ G.O (Rt) നമ്പർ 245/2024/പവർ പ്രകാരം കെഎസ്ഇബിഎല്ലിന് റിലീസ് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | അനിയന്ത്രിതമായ കടമെടുപ്പ് സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിയെ എപ്രകാരം ബാധിക്കും എന്ന് | (സി) | കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശപ്രകാരം കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകുന്ന സംസ്ഥാനത്തിന്റെ |

| | | | |
|---|---|---|---|
| | പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | | മൊത്ത ആഭ്യന്തര ഉല്പാദനം അടിസ്ഥാനമാക്കിയുള്ള കടമെടുപ്പ് പരിധിയ്ക്കുള്ളിൽ നിന്നു കൊണ്ടു മാത്രമേ സംസ്ഥാന സർക്കാരിന് കടമെടുക്കുവാൻ സാധിക്കുകയുള്ളൂ.<br><br>സമ്പദ് വ്യവസ്ഥ കടുത്ത സാമ്പത്തിക മാന്ദ്യത്തിലായിരിക്കുമ്പോൾ ഉയർന്ന കമ്മി അനിവാര്യമാണ്. മാനുഷികവും സാമ്പത്തികവുമായ പ്രതിസന്ധികളോടുള്ള പ്രതികരണത്തിൽ സംസ്ഥാനം ഒരു മാറ്റവും വരുത്തുന്നില്ല. മുൻ വർഷങ്ങളിൽ സമ്പദ് വ്യവസ്ഥക്ക് അകത്തു നിന്നും പുറത്തു നിന്നും ഉണ്ടായ തടസ്സങ്ങളിൽ നിന്നും മോചനം നേടി പുനർ നിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. എഫ്.ആർ.ബി.എം ആക്ട് നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള ധനവിയോഗ മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ അത് സാദ്ധ്യമാക്കുക എന്നത് അത്ര എളുപ്പമല്ല. എന്നിരുന്നാലും നികുതി നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ